DESPATCHED
On..14/9/21.....

8/9/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.658(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6393/SIC-Gen4/2021**

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 8**

ശ്രീ. വി.പി. കണ്ണനുണ്ണി,
ശ്രീവത്സം,
വടക്കന്തറ പോസ്റ്റ്,
പാലക്കാട് - 678 012.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
കസബ പോലീസ് സ്റ്റേഷൻ,
പാലക്കാട്.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 28/05/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/8/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/09/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. വി.പി.കണ്ണനുണ്ണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 2020 വർഷത്തിൽ പാലക്കാട് ജില്ലയിലെ കസബ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത CR.No.571/2020 u/s 279 & 304 (A) IPC നമ്പർ

കേസിലെ പ്രതി ശ്രീ. മുരുകാസുവിന്റെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് ലോറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ലൈസൻസ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പികൾക്കായി നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടി സ്വീകാര്യമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനും സ്വീകാര്യമായ മറുപടി ലഭിക്കാത്തതിനാലാണ് രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നും അപേക്ഷകൻ ആവശ്യപ്പെട്ട വിധത്തിലുള്ള രേഖകൾ ലഭ്യമാക്കി അപേക്ഷ നിരസിച്ച എതിർകക്ഷികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 15.02.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പാലക്കാട് കസബ പോലീസ് സ്റ്റേഷൻ CR.No.571/2020 u/s 279 & 304(A) IPC കേസുമായി ബന്ധപ്പെട്ട് കേസിലെ പ്രതി ശ്രീ. മുരുകാസുവിന്റെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് റ്റി.എൻ28/ബി.സി. 8724 നമ്പർ ലോറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ലൈസൻസ്, ഈ കേസ്സിനെ സംബന്ധിച്ച് ഏതുവിധേനയും എടുത്തിട്ടുള്ള പെറ്റികേസ് ചാർജ് ഷീറ്റ് അഥവാ ഫൈൻ ഈടാക്കൽ എന്നിവ ഉണ്ടായിട്ടുണ്ടെങ്കിൽ ചാർജ് ഷീറ്റ് അല്ലെങ്കിൽ ഫോം റ്റി.ആർ.5 എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സീൽ വച്ച് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.03.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട CR.No.571/2020 കേസ്സിലെ പ്രതി ശ്രീ. മുരുകദാസ് എന്നവരുടെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവയുടെ അസ്സൽ കേസിന്റെ സി.ഡി. ഫയലിൽ ലഭ്യമല്ലാത്തതിനാൽ ടി രേഖകളുടെ പകർപ്പുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നും, മേൽപ്പടി കേസ്സിലെ റ്റി.എൻ28ബി.സി. 8724 നമ്പർ ലോറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ലൈസൻസ് എന്നിവയുടെ അസ്സൽ കോപ്പികൾ സി.ഡി. ഫയൽ പരിശോധിച്ചതിൽ ലഭ്യമല്ലാത്തതിനാൽ ടി രേഖകളുടെ പകർപ്പുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ലെന്നും, മേൽപ്പടി കേസ് സംബന്ധിച്ച് പെറ്റികേസ്, ചാർജ് ഷീറ്റ്, ഫൈൻ ഈടാക്കൽ എന്നിവ ഉണ്ടായിട്ടില്ലെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 30.3.2021 –ന് സമർപ്പിച്ച ഒന്നാം അപ്പീലിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷൻ

CR.No.571/2020 u/s 279 & 304(A) IPC കേസുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടതായ രേഖകൾ കേസ്സ് ഫയലിൽ സൂക്ഷിക്കണമെന്ന കാര്യം Mandatory അല്ലാത്തതിനാലും ആയത് സൂക്ഷിക്കണമെന്ന് യാതൊരുവിധ ഉത്തരവുകളോ സർക്കുലറുകളോ ഇല്ലാത്തതിനാലും പാലക്കാട് കസബ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ. 11.3.2021 ന് നൽകിയ മറുപടി ശരിയാണെന്നാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വി.പി. കണ്ണനുണ്ണി വിവരാവകാശ നിയമപ്രകാരം കസബ പോലീസ് സ്റ്റേഷൻ CR.No.571/2020 u/s 279 & 304(A) IPC കേസ്സിലെ പ്രതി ശ്രീ.മുരുകാസുവിന്റെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് സംഭവത്തിൽ ഉൾപ്പെട്ട റ്റി.എൻ 28 ബി.സി 8724 നമ്പർ ലോറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ലൈസൻസ് എന്നീ രേഖകൾ സീൽ ചെയ്ത് അറ്റസ്റ്റ് ചെയ്തു നൽകുവാനാണ് ആവശ്യപ്പെട്ടിരുന്നതെന്നും അപേക്ഷകൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പറയുന്നതുപ്രകാരം പേഴ്സണൽ ആക്സിഡന്റ് ക്ലെയിം അപേക്ഷയിൽ അപേക്ഷകന് മേൽ രേഖകളെ അടിസ്ഥാനമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് അപേക്ഷ നൽകുന്നത് എന്നുള്ള കാര്യം അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ലെന്നും CR.No.571/2020 u/s 279 & 304(A) IPC കേസ്സിലെ പ്രതി ശ്രീ.മുരുകാസുവിന്റെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് സംഭവത്തിൽ ഉൾപ്പെട്ട റ്റി.എൻ 28 ബി.സി 8724 നമ്പർ ലോറിയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, പെർമിറ്റ്, ടാക്സ് ലൈസൻസ് എന്നിവ തമിഴ്നാട് സർക്കാരിന്റെ ബന്ധപ്പെട്ട അധികാരികളാണ് നൽകിയിരിക്കുന്നതെന്നും ഇൻഷുറൻസ് സർട്ടിഫിക്കറ്റ് നാഷണൽ ഇൻഷുറൻസ് കമ്പനിയാണ് നൽകിയിരിക്കുന്നതെന്നും ടി രേഖകൾ കേസിന്റെ തെളിവിലേക്കായി ബന്തവസ്സിൽ എടുത്തിട്ടില്ലായെന്ന് ടി കേസിന്റെ സി.ഡി. ഫയൽ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുള്ളതാണെന്നും രേഖകളുടെ പകർപ്പുകൾ മാത്രമാണ് അന്വേഷണ ഫയലിൽ ഉണ്ടായിരുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ അസ്സൽ പബ്ലിക് അതോറിട്ടിയുടെ കൈവശത്തിലുണ്ടെങ്കിൽ മാത്രമേ അതിന്റെ സർട്ടിഫൈഡ് കോപ്പി വിവരാവകാശ നിയമപ്രകാരം നൽകാൻ സാധിക്കുകയുള്ളു എന്ന ഉത്തമവിശ്വാസത്തിലായിരുന്നു അപേക്ഷ ഇപ്രകാരം തീർപ്പാക്കിയതെന്നും വിവരങ്ങൾ മന:പ്പൂർവ്വം നിഷേധിക്കാനോ നൽകാതെയിരിക്കാനോ ഉള്ള യാതൊരു ശ്രമവും ടി ഓഫീസിൽ നിന്നും ഉണ്ടായിട്ടില്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമപ്രകാരം നൽകുന്ന അപേക്ഷയിൽ ആവശ്യപ്പെടുന്ന കാര്യങ്ങൾ എന്ത് ആവശ്യത്തിനാണെന്ന് ഹർജിക്കാരൻ വിശദീകരിക്കേണ്ടതില്ല എന്നതിനാൽ പേഴ്സണൽ ആക്സിഡന്റ് ക്ലെയിം അപേക്ഷയ്ക്കൊപ്പം സമർപ്പിക്കാനാണ് അപേക്ഷ നൽകിയത് എന്നുള്ള കാര്യം ഹർജിക്കാരൻ അപേക്ഷയിൽ സൂചിപ്പിച്ചിരുന്നില്ല എന്ന എതിർകക്ഷികളുടെ മറുപടി നിയമാനുസൃതമല്ല എന്നും വിവരാവകാശ നിയമപ്രകാരം ഏതെങ്കിലും കാരണവശാൽ മറുപടി നൽകാതെ അപേക്ഷ നിരസിക്കുകയാണെങ്കിൽ ആയത് വിവരാവകാശ നിയമം സെക്ഷൻ 8, 9 എന്നീ വകുപ്പുകളിൽ പറയുന്നത് പോലെ ഏത് കാരണത്താലാണ് നിരസിക്കുന്നതെന്ന് മറുപടിയിൽ വ്യക്തമായി രേഖപ്പെടുത്തി വേണം മറുപടി നൽകേണ്ടതെന്നും എതിർകക്ഷികളെ കമ്മീഷൻ ഓർമ്മിപ്പിക്കുന്നു.

7. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ അസ്സൽ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പകർപ്പുകൾ അറ്റസ്റ്റ് ചെയ്ത് നൽകുവാൻ കഴിയില്ല എന്ന എതിർകക്ഷിയുടെ മറുപടി കമ്മീഷൻ അംഗീകരിക്കുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട, നിയമപരമായി നൽകാൻ കഴിയുന്ന ഫയലിലെ ലഭ്യമായ രേഖകളുടെ പകർപ്പുകൾ "2005-ലെ വിവരാവകാശ നിയമ പ്രകാരം നൽകുന്ന പകർപ്പ്" എന്ന് രേഖപ്പെടുത്തി ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സൗജന്യമായി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 8-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us